## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 705

29.05.2019- ൽ മറുപടിക്ക്

## കെയർ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അൻവർ സാദത്ത് | | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | പ്രളയത്തിൽ വീടുകൾ നശിച്ചവർക്ക് സഹകരണ വകുപ്പിന്റെ കീഴിൽ വീട് നിർമ്മിച്ച് നൽകുന്ന പദ്ധതി (കെയർ ) ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | പ്രളയത്തിൽ വീടുകൾ നശിച്ചവർക്ക് സഹകരണ വകുപ്പിന്റെ കീഴിൽ വീട് നിർമ്മിച്ച് നൽകുന്നതിനായി കെയർ ഹോം എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | എത്ര വീടുകൾ നിർമ്മിച്ചു നൽകുവാനാണ് പദ്ധതി ആവിഷ്കരിച്ചതെന്നും 2019 ഏപ്രിൽ 30 വരെ എത്ര വീടുകൾ പൂർത്തിയാക്കിയെന്നും വ്യക്തമാക്കുമോ; | (ബി) | ആദ്യഘട്ടത്തിൽ 2040 വീടുകൾ നിർമ്മിച്ചു നൽകുവാനാണ് പദ്ധതി ആവിഷ്കരിച്ചത്. 2019 ഏപ്രിൽ 30 വരെ 876 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. |
| (സി) | കെയർ പദ്ധതിയിൻകീഴിൽ നിർമ്മിക്കുന്ന വീടുകൾക്ക് ആവശ്യമുള്ള നിർമ്മാണസാമഗ്രികൾ പ്രത്യേക സ്ഥാപനങ്ങളിൽ നിന്ന് മാത്രമേ വാങ്ങാവൂ എന്ന് നിഷ്കർഷിച്ചിരുന്നുവോ; എങ്കിൽ പ്രസ്തുത സ്ഥാപനങ്ങളെ എപ്രകാരമാണ് തെരഞ്ഞെടുത്തതെന്നും അതിനുള്ള മാനദണ്ഡം എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ? | (സി) | ഇല്ല;<br>ബാധകമല്ല. |

സെക്ഷൻ ഓഫീസർ